പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1906 — 17/12/2012 - ൽ മറുപടിക്ക്

## 'ഫിഷ് കിയോസ്കുകൾ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ ഇതുവരെ എത്ര 'ഫിഷ് കിയോസ്കുകൾ' എവിടെയൊക്കെ സ്ഥാപിച്ചു; വ്യക്തമാക്കുമോ; | (എ) 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത ഫിഷ് കിയോസ്ക്കുകളുടെ പ്രവർത്തനം വിശദമാക്കാമോ; | (ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും, ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പു വരുത്തുവാൻ, മത്സ്യാധിഷ്ടിതമായി മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാറിന്റെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ 100 ഫിഷ് കിയോസ്കുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതാണ്. കൂടുതൽ വിപണി കണ്ടെത്തുവാൻ വൈവിധ്യമേറിയതും, ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങളും, ഏറ്റവും മുന്തിയ സംവിധാനവും, സാങ്കേതിക സഹായവും ആവശ്യമാണ്. ഇവയെല്ലാം സംയോജിപ്പിച്ച് കൊണ്ട് 'ഓരോ പരിശ്രമത്തിനും കൂടുതൽ മൂല്യം' എന്ന ലക്ഷ്യത്തോടെ |

യാണ് ഈ പദ്ധതിക്ക് രൂപം നൽകിയത്. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രം, ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ വില കുറഞ്ഞ മത്സ്യ ങ്ങളുടെ മൂല്യ ശൃംഖലാ പദ്ധതിപ്രകാരം വികസിപ്പിച്ചെടുത്ത മൂല്യ വർദ്ധിത ഉല്പന്നങ്ങളായിരിക്കും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി വിപണിയിൽ എത്തിക്കുക. മത്സ്യത്തൊഴി ലാളി കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടുള്ള സ്വയം സഹായ സംഘങ്ങൾ മുഖേന മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതു വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായി വർദ്ധനവും ഉണ്ടാകുന്നു. 3.5 കോടി രൂപയാണ് ഇതിന്റെ ചിലവ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയിലൂടെ 500 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നേരിട്ട് തൊഴിൽ ലഭിക്കും.

| | |
|---|---|
| (സി) കാസർഗോഡ് ജില്ലയിൽ ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (സി) ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സ്ഥലം നിർണ്ണയിക്കുന്നതിനായുള്ള സാധ്യതാ പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ